# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) : 18-08-2021

1. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ആഴ്ചകളിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 10 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി പഴം-പച്ചക്കറി വിപണികൾ ഈ മാസം 20 വരെ ഉണ്ടായിരിക്കും.

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

5. **ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധമായ പാൽ ഉറപ്പാക്കുക** എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധനാ സംവിധാനവും ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ മിൽക്ക് ക്വാളിറ്റി കൺട്രോൾ ലാബിൽ പ്രവർത്തനം ആരംഭിച്ചു. ഈ മാസം 20 വരെ പാൽ പരിശോധന സംവിധാനം ഉണ്ടായിരിക്കും. ഇതോടൊപ്പം കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്നതുമായ പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര വികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസുമായോ **0471-2440217** എന്ന നമ്പരിലോ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസസ് എന്നീ രണ്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി ഈ മാസം 26 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടികൾ**

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 18-ന്) രാവിലെ 11 മണിയ്ക്ക് **ആരോഗ്യവും ഭക്ഷണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

8. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (ആഗസ്റ്റ് 18-ന്) ഫാം ലൈസൻസിംഗ് റൂൾസ്** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

9. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (ആഗസ്റ്റ് 18-ന്) രാവിലെ 10.30 മുതൽ **ഹൈഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ **9400831831** എന്ന വാട്ടസാപ്പ് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2501706** എന്ന നമ്പരിലോ sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 18-ന്) രാവിലെ 11 മണിക്ക് **പാൽ ഗുണമേന്മ വർഷാചരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. https://meet.google.com/uya-gywr-ugn എന്ന ലിങ്കുപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0492 2226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. റബ്ബർബോർഡ് റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമേഖലയിലെ സാധ്യതകൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ പരിശീലനം ആഗസ്റ്റ് 25 മുതൽ 27 വരെ രാവിലെ 10 മണി മുതൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.